




## ആയുർവേദ മെഡിക്കൽ അസോസിയേഷൻ ബാലികാ ദിനാചരണം

വള്ളംകുളം ● ആയുർവേദ മെഡിക്കൽ അസോസിയേഷൻ തിരുവല്ല ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ദേശീയ ബാലികാ ദിനാചരണം നാഷനൽ ഹൈസ്കൂളിൽ ജില്ലാ കലക്ടർ ദിവ്യാ എസ്.അയ്യർ ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡന്റ് ഫാ. മാത്യു കവിരായിൽ അധ്യക്ഷത വഹിച്ചു. പരുമല ദേവസ്വം ബോർഡ് കോളജ് പ്രിൻസിപ്പൽ ലക്ഷ്മി പരമേശ്വർ പ്രഭാഷണം നടത്തി. ബാലികാ ശാക്തീകരണ സന്ദേശം നാഷനൽ ഷൂട്ടറും കരാട്ടെ ബ്ലാക്ക്ബെൽറ്റ് ജേതാവുമായ ശ്രുതി പവനൻ നൽകി.

അസോസിയേഷൻ ഏരിയ പ്രസിഡന്റ് ഡോ. വർഷാ മോഹൻ, സ്കൂൾ മാനേജർ കെ.പി.രമേശ്, പ്രഥമാധ്യാപിക ആർ.ആശാലത, അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ഡോ. വിനോദ് കൃഷ്ണൻ നമ്പൂതിരി, സെക്രട്ടറി ഡോ. ബി. ഹരികുമാർ, ഏരിയ സെക്രട്ടറി ഡോ. നീതു പ്രസാദ്, മുൻ ജില്ലാ പ്രസിഡന്റ് ഡോ. എ.സി.രാജീവ് കുമാർ, ഡോ. രശ്മി ആർ. നായർ, സ്കൂൾ സീനിയർ അസിസ്റ്റന്റ് ദിലീപ് കുമാർ എന്നിവർ പ്രസംഗിച്ചു.